പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 448 27/09/2016 -ൽ മറുപടിയ്ക്ക്

## ശബരിമല തീർത്ഥാടന ഒരുക്കങ്ങൾ

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.രാജു എബ്രഹാം<br>,, എസ്.രാജേന്ദ്രൻ<br>,, എം. മുകേഷ്<br>,, പി.കെ. ശശി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) ശബരിമല ദേവസ്വം ബോർഡ് പ്രസിഡന്റ് ശബരിമല സന്നിധിയെ സമരവേദിയാക്കിയെന്ന ആക്ഷേപം പരിശോധിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | എ) | പരിശോധിച്ചിരുന്നു. |
| ബി) ശബരിമല തീർത്ഥാടന ഒരുക്കവുമായി ബന്ധപ്പെട്ട് നടന്ന അവലോകന യോഗത്തിൽ മുഖ്യമന്ത്രി മുന്നോട്ട് വച്ച നിർദ്ദേശങ്ങളും അതിനോട് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രതികരണവും അറിയിക്കാമോ;<br><br>സി) പ്രസിഡന്റിന്റെ നിലപാട് തീർത്ഥാടന ഒരുക്കങ്ങൾക്കായി സർക്കാർ സഹകരണത്തോടെ നടപ്പാക്കേണ്ട പ്രവൃത്തികളെ ബാധിക്കാതിരിക്കാനുള്ള നടപടി ഉണ്ടാകുമോയെന്ന് വിശദമാക്കുമോ? | ബി) & സി) | മുഖ്യമന്ത്രി മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ 95 % നിർദ്ദേശങ്ങളോടും യോജിക്കുന്നതായും ചില കാര്യങ്ങളിൽ വിയോജിക്കുന്നതായും പ്രസിഡന്റ് അറിയിച്ചിരുന്നു. പ്രസിഡന്റിന്റെ നിലപാട് തീർത്ഥാടന ഒരുക്കങ്ങളെ ഒരു തരത്തിലും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ